കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail:lfadtvm@yahoo.in**
**dotvm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.**10/488/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

തീയതി: 11.4.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.**10/488/2019**

തീയതി**: 11.4.2019**

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ **2017-18**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 6.3.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിൻ ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(**എ**)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. സാജൻലാൽ എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 07.03.2019 മുതൽ14.03.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി ലതാകുമാരി.എം.<br>ഓഡിറ്റ് ഓഫീസർ<br><br>ശ്രീമതി സ്വപ്ന.ആർ.കെ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br><br>ശ്രീമതി ബിന്ദു.ഒ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br><br>ശ്രീ. രാജേഷ്.എം.ജി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br><br>ശ്രീമതി അനിഷ എസ്.ബി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ.<br><br>ശ്രീ.ഷിംജി.ജി,ഓഡിറ്റർ |

**(**ബി**)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.അസിനബീവി<br>01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | : | ശ്രീ. പി.കെ സുരേഷ്,<br>(01.04.17മുതൽ 31.03.2018 വരെ ) |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പി.കെ.സുരേഷ് | 01.04.17 മുതൽ 31.03.18 വരെ |
| അസി.സെക്രട്ടറി | ശ്രീ. സജി.വി.എൻ | 01.04.17 മുതൽ 31.03.18 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി രജനി.എസ് | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബീന.എം | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അസറുദ്ദീൻ | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ. സ്പിനോള | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ദീപ്തി.വി.എൻ | 01.04.17 മുതൽ 31.03.18 വരെ |
| എച്ച്.എം.- ഗവ.എൽ.പി.എസ്, മുക്കുടിയിൽ | ശ്രീ.വിജയകുമാരി.ജെ | 01.04.17മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മരിയ.എം.ബേബി | 01.04.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ (എ സർക്കിൾ നോർത്ത്) | ശ്രീ. വിനോദ്. | 01.04.17മുതൽ 31.03.18 വരെ |
| വി.ഇ.ഒ (ബി സർക്കിൾ സൗത്ത്) | ശ്രീ. പ്രദീപ്.ജെ | 01.04.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ഡോ.യമുന.എസ് | 01.04.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| **ഭാഗം - 1** | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| **ഭാഗം - 2** | | | |
| 13 | തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത | 2-1 | |
| 14 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ | 2-2 | |
| 15 | പഞ്ചായത്ത് ഉടമസ്ഥതയിലെ കെട്ടിടം -വരവ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-3 | |
| 16 | പഞ്ചായത്ത് ഭരണസമിതിതീരുമാനം നടപ്പിലാക്കിയിട്ടില്ല- ലേലം ഇനത്തിൽ വരുമാനനഷ്ടത്തിന് സാദ്ധ്യത | 2-4 | |
| 17 | വസ്തു നികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2-5 | |
| 18 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കേണ്ടതാണ് | 2-6 | |
| 19 | ഇ ടെണ്ടർ -ടെണ്ടർ ഫാറം വില തിരികെ ഈടാക്കണം | 2-7 | |
| **ഭാഗം-3** | | | |
| 20 | കുഴൽക്കിണർ നിർമാണം നടത്തിയില്ല- ഭൂഗർഭ ജല വകുപ്പിന് നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 3-1 | |
| 21 | തെരുവ് വിളക്കുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായകണക്കില്ല- ഈ ഇനത്തിൽ അധിക ചെലവിന് | 3-2 | |

| | | | |
|---|---|---|---|
| | സാദ്ധ്യത | | |
| 22 | കേരളോത്സവം 2017-18 അധികം ചെലവഴിച്ച 10620 രൂപ തടസ്സപ്പെടുത്തുന്നു | 3-3 | |
| 23 | വിനിയോഗസാക്ഷ്യ പത്രം ലഭിക്കാൻ അവശേഷിക്കുന്നു -തുക തടസ്സപ്പെടുത്തുന്നു | 3-4 | |
| 24 | നിക്ഷേപ പ്രവൃത്തികൾ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 3-5 | |
| 25 | അംഗണവാടി കെട്ടിട നിർമ്മാണം- പഴയ കെട്ടിടം പൊളിക്കൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയില്ല. | 3-6 | |
| 26 | ആട്ടിൻകുട്ടി വാങ്ങൽ - ജനറൽ വിഭാഗം - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 47,500/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 3-7 | |
| 27 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ -എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തേണ്ടതും പർച്ചെയ്സ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ് | 3-8 | |
| 28 | വനിതാഘടക പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിയ്ക്കണം | 3-9 | |
| 29 | പട്ടികജാതി വിഭാഗം ഭവനങ്ങൾക്ക് കുടിവെള്ള കണക്ഷന് ധനസഹായം - അർഹത രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല – 7500/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 3-10 | |
| 30 | കട്ടിൽ വിതരണം – പൂർണ്ണമായ വിതരണ രേഖകളില്ല – ചെലവ് തുക 8656/- രൂപ തടസ്സം ചെയ്യുന്നു. | 3-11 | |
| 31 | ഭവനപുനരുദ്ധാരണം പദ്ധതി- അപാകതകൾ | 3-12 | |
| 32 | ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ഉപകരണം-മാർഗ്ഗരേഖാ ലംഘനം | 3-13 | |

| | | | |
|---|---|---|---|
| 33 | ഹെഡ്മിസ്ട്രസ് നിർവഹിച്ച പദ്ധതികൾ – അപാകതകൾ | 3-14 | |
| 34 | പാലിയേറ്റീവ്കെയർ–ഒന്നിലേറെ പ്രോജക്ട് നടപ്പിലാക്കി | 3-15 | |
| 35 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പദ്ധതി- അപാകതകൾ | 3-16 | |
| 36 | അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങണം | 3-17 | |
| 37 | പി.എച്ച്.സി ക്ക് ലാബ് സൗകര്യം ഒരുക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-18 | |
| 38 | സാന്ത്വനം പാലിയേറ്റീവ് കെയർ -പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 3-19 | |
| 39 | പദ്ധതി മോണിട്ടറിംഗ് അനിവാര്യം. | 3-20 | |
| | **ഭാഗം - 4** | | |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 43 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 47 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.3.17 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 17,98,04,180/-രൂപ വരവും 17,76,84,800/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവ് 7,22,97,036.30/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 6,72,96,395/- രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം) .

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്. ബജറ്റ് ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്ന് ഓഡിറ്റിൽ പരിശോധിക്കാനായില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ബജറ്റ് പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടില്ല ബജറ്റ് രൂപീകരണത്തിനായി പാലിച്ച നടപടിക്രമങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം 6/7.3.2019) ത്തിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 22.5.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| ഓഡിറ്റ് വർഷം | ഓഡിറ്റ് തീയതി | റിപ്പോർട്ട് നമ്പർ |
|---|---|---|
| 2017-18 | 18.06.2019 മുതൽ 19.06.2019 വരെ | കെ.എസ്.എ.റ്റി.വി.എം ജി.പി.10/1517/2018 തീയതി 03.07.2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | : | 7862466.30 |
| വരവ് | : | 64434570 |
| ആകെ | : | 72297036.30 |
| ചെലവ് | : | 67296395 |
| നീക്കിയിരിപ്പ് | : | 5000641.30 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15125546 | 15125546 | 15125546 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8444985 | 8444985 | 8444985 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 84000 | 84000 | 84000 | 0 |
| മെയിന്റനൻസ് (റോഡ്) | 0 | 9455939 | 9455939 | 9455939 | 0 |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 3488743 | 3488743 | 3488743 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 2860602 | 2860602 | 2860602 | 0 |
| സി.എഫ്.സി | 0 | 7740190 | 7740190 | 7740190 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3482576 | 8167000 | 11649576 | 11436899 | 212677 |
| എം.എൻ.ആർ.ഇ.ജി.എസ് | 24976 | 1045826(*) | 1070802 | 1016399 | 54403 |
| തൊഴിലുറപ്പ് പദ്ധതി ബോണസ് | 0 | 16000 | 16000 | 16000 | 0 |
| ബി-ഫണ്ട് | 0 | 426600 | 426600 | 426600 | 0 |
| സാക്ഷരത | 29834.55 | 1111 | 30945.55 | 0 | 30945.55 |
| സംയുക്ത പ്രോജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് | 0 | 743135 | 743135 | 743135 (695875) | 0 (-47260) |
| സംയുക്ത പ്രോജക്റ്റ് ജില്ലാ പഞ്ചായത്ത് | 0 | 422150 | 422150 | 422150 | 0 |
| തനത് ഫണ്ട് | 4325079.75 | 6412743 | 10737822.75 | 6145471 | 4702615.75 |

(*) RP31 + RP 26 (AFS പരിശോധനാ റിപ്പോർട്ടിൽ അപാകത ഉൾപ്പെട്ടിട്ടുണ്ട്.)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണോ ദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫിസർ | 17 | 4040110 | 10 | 2000733 | 6 | 1 | 59 |
| 2 | വെറ്ററിനറി സർജൻ | 11 | 3644300` | 4 | 2054352 | 7 | 0 | 36 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 7 | 2366656 | 6 | 1779289 | 0 | 1 | 86 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 1200000 | 5 | 1198720 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 39074000 | 5 | 3837926 | 0 | 0 | 100 |
| 6 | വി.ഇ.ഒ 1 | 10 | 4540000 | 8 | 2534000 | 0 | 2 | 80 |
| 7 | വി.ഇ.ഒ 2 | 2 | 1160000 | 2 | 1160000 | 0 | 0 | 100 |
| 8 | സെക്രട്ടറി | 51 | 12602491 | 44 | 9010280 | 2 | 1 | 86.27 |
| 9 | അസി.സെക്രട്ടറി | 13 | 4306662 | 7 | 2467884 | 3 | 3 | 54 |
| 10 | അസി.എഞ്ചിനീയർ | 98 | 36976547 | 57 | 21558477 | 38 | 41 | 56.12 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1000000 | 1 | 845000 | 0 | 0 | 100 |
| 12 | ഹെഡ്മാസ്റ്റർ, | 8 | 2370000 | 5 | 1951382 | 2 | 1 | 63 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 24976 | (*) 1045826 | 1070802 | 1016399 | 54403 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18594728 | 18594728 | 18594728 | 0 |
| ആകെ | 24976 | 19640554 | 19665530 | 19611127 | 54403 |

935562(RP31) + 110264(RP 26) AFS പരിശോധനാ റിപ്പോർട്ടിൽ അപാകത പരാമർശിച്ചിട്ടുള്ളതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 186600 | 315 |
| കർഷക തൊഴിലാളി പെൻഷൻ | 5684000 | 471 |
| വിധവാപെൻഷൻ | 13828000 | 1203 |
| വാർദ്ധക്യകാല പെൻഷൻ | 25864000 | 2182 |
| വികലാംഗ പെൻഷൻ | 2962500 | 284 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 293400 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.3.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,204/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഭരണസമിതി ഓഫീസ് മീറ്റിംഗ് വിളിച്ചു ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകുകയും ചെയ്യുന്നുണ്ട്. കേ.പ.രാ ആക്ട് സെക്ഷൻ 162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. പ്രസ്തുത കടമ പൂർണമായി നിർവഹിച്ചിട്ടില്ല. ചെലവുകൾക്ക് വൗച്ചറുകളും സബ് വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ധനകാര്യ ഇടപാടുകൾ രേഖപ്പെടുത്താൻ ക്യാഷ് വൗച്ചർ, ബാങ്ക് വൗച്ചർ, ജേർണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നിവ പ്രത്യേകം നമ്പറിട്ട് സാക്ഷ്യപ്പെടുത്തിയും, ബില്ലുകൾ/ഇൻവോയ്സുകൾ ക്യാൻസൽ ചെയ്തും സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

<u>പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല</u>

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ )ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ്മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവരവ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

## **1-11** <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.2.2019 | 1.12.18 മുതൽ 31.01.2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.11.2018 മുതൽ 27.11.2018 വരെ | 2013-14 മുതൽ 2017-18 വരെ | 18.12.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1517/2018 തീയതി 3.7.2018-ാം നമ്പരായി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്II) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

തൻവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

എ) നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഡി & ഒ ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഡി & ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

| ക്രമ നം | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (അപേക്ഷ പ്രകാരം) | തൊഴിൽ നികുതി ഈടാക്കിയവരുടെ എണ്ണം |
|---|---|---|---|---|
| 1 | ശ്രീ.അബ്ദുൽ ഖാദർ.എ | M.K.ഹോളോബ്രിക്സ് | 3 | 2 |

| | | | | |
|---|---|---|---|---|
| 2 | ശ്രീമതി.സലീന | നാസ് ഫുഡ് പ്രോഡക്ട്സ് | 4 | 0 |
| 3 | ശ്രീമതി.ഐഷത്ത്ബീവി | റഫീക്ക് ഹോളോ ബ്രിക്സ് | 5 | 3 |
| 4 | ശ്രീമതി.സീനത്ത് ബഷീർ | റോയൽ ബ്രിക്സ് & ടൈൽസ് | 7 | 0 |
| 5 | ശ്രീ.പ്രശാന്ത്.എം.സി | കേരള ഫുഡ് പ്രോഡക്ട്സ് | 3 | 0 |
| 6 | ശ്രീമതി.അർച്ചന | കിച്ചൂസ് പൗൾട്രി ഫാം | 3 | 0 |

ബി) <u>ബി.എസ്.എൻ.എൽ. ഓഫീസിന്റെ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. ഓഫീസിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ(പി.സി) 16670/06 നമ്പർ കേസിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സി)<u>ടേൺ ഓവറിന്റെ അടിസ്ഥാനത്തിലല്ല സ്ഥാപന നികുതി ഈടാക്കുന്നത്.</u>

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 6,7,8 എന്നിവ പ്രകാരം ടേൺ ഓവറിന്റെ അടിസ്ഥാനത്തിലല്ല സ്ഥാപക നികുതി ഈടാക്കുന്നത്. D&O ലൈസൻസ് ഫീയോടൊപ്പം 2,500/- രൂപ സ്ഥാപന നികുതിയായി ഈടാക്കിവരുന്നതായാണ് കാണുന്നത്.

തൊഴിൽ നികുതി ഈടാക്കുന്നതിനായി ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഡി) <u>അസസ്സ്മെന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല.</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടത്തിലെ ചട്ടം5 ലെ മാതൃകയിൽ നികുതി ചുമത്തുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 205 (എ) വകുപ്പ് പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജ് അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്ന് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്ററല്ല ലഭ്യമാക്കിയിട്ടുള്ളത്. ലഭ്യമാക്കിയ രജിസ്റ്ററിൽ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും ചില സ്വകാര്യ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരമാണ് ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചില സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരായ ജീവനക്കാർ ഉണ്ടെങ്കിലും (ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം) പ്രസ്തുത സ്ഥാപനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | ശ്രീമതി.സലീന | നാസ് ഫുഡ് പ്രോഡക്ട്സ് | 4 |

| | | | |
|---|---|---|---|
| 2 | ശ്രീമതി.സീനത്ത് ബഷീർ | റോയൽ ബ്രിക്സ് & ടൈൽസ് | 7 |
| 3 | ശ്രീ.പ്രശാന്ത്.എം.സി | കേരള ഫുഡ് പ്രോഡക്ട്സ് | 3 |
| 4 | ശ്രീമതി.അർച്ചന | കിച്ചൂസ് പൗൾട്രി ഫാം | 3 |

വിശദാംശങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന ഡിമാന്റ് രജിസ്റ്റർ, അസസ്സ്മെന്റ് രജിസ്റ്റർ എന്നിവ കാലികമാക്കി നികുതി പിരിവ് ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഇ)** പഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 54നുള്ള മറുപടിയായി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ വിഭാഗക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ

**എ)** ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ട്. ആയത് പ്രകാരം പഞ്ചായത്തിൽ 216 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. എന്നാൽ 158 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232,233, കേരള പഞ്ചായത്തീ രാജ് (അപകടകരവും

അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

**ബി)** <u>വിവിധ സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ – ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കാനായില്ല.</u>

ശ്രീ.എസ്. ശ്രീകണ്ഠൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള അശ്വതി ഹോളോബ്രിക്സ് എന്ന സ്ഥാപനം 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഡി & ഒ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചത്. 2015-16, 2016-17, 2017-18 വർഷങ്ങളിലേക്ക് ഡി & ഒ ലൈസൻസ് പുതുക്കിയത് 30.06.2017നാണ്. എന്നാൽ, 2016-17 ൽ സ്ഥാപനത്തിലെ തൊഴിലാളികളുടെ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| അർദ്ധവർഷം | രസീത് നം. | തീയതി | തുക |
|---|---|---|---|
| 2016-17 - I | 11601101684 | 15.10.2016 | 240രൂപ |
| 2016-17 - II | 11601103959 | 18.03.2017 | 240രൂപ |

അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ട് ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി, ഡി & ഒ ലൈസൻസ് എന്നിവ കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നത് ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ സഹായകരമാകും.

## 2-3 <u>പഞ്ചായത്ത് ഉടമസ്ഥതയിലെ കെട്ടിടം -വരവ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചത് പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലെ 3/100A,B,C,D.E,F നമ്പർ ഉൾപ്പെടുന്ന കെട്ടിടം വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിനായി നിർമ്മിച്ചിട്ടുളളതാണ് (കാലപഴക്കം 5 വർഷം). മുക്കടിയിൽ വാർഡിൽ പ്രാഥമിക മേഖലയിൽ സ്ഥിതിചെയ്യുന്ന ഈ കെട്ടിടത്തിൽ നിന്നും 2017-18 വർഷം വരവ് ലഭിച്ചിട്ടില്ല. നാളിതുവരെ ലഭിച്ച വരവിന്റെ വിവരങ്ങളും വരവ് ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളും കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 51/13.3.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ഓഡിറ്റ് റിക്വിസിഷൻ (1/11.03.2019) പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പ്രകാരം, വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിച്ച് ഈ കെട്ടിടത്തിൽ നിന്നും വരവ് ലഭിക്കുന്നതിനുളള നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ ചർച്ച ചെയ്തിട്ടില്ല.

താരതമ്യേനെ കുറഞ്ഞ വരവുള്ള ഗ്രാമപഞ്ചായത്ത് വരുമാന സ്രോതസ്സുകൾ പൂർണമായും ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പൊതുഭരണം കണക്കുകൾ സൂക്ഷിക്കൽ വർക്കിംഗ് ഗ്രൂപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 പഞ്ചായത്ത് ഭരണസമിതിതീരുമാനം നടപ്പിലാക്കിയിട്ടില്ല- ലേലം ഇനത്തിൽ വരുമാനനഷ്ടത്തിന് സാദ്ധ്യത

ലേല നടപടികൾ സ്വീകരിക്കുന്നതിനായി എടുത്ത ഭരണ സമിതി തീരുമാനങ്ങളിൽ ഉദ്യോഗസ്ഥ തലത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഭരണസമിതിയുടെ 8.2.18 ലെ 4(2) തീരുമാന പ്രകാരം മരുതും വീട് അംഗൻവാടി കോംമ്പൗണ്ടിലെ പ്ലാവ് ലേലം ചെയ്യുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. കൂടാതെ പുല്ലമ്പാറ, മലവിള, ചക്കക്കാട് അംഗൻവാടികളിലെ റൂഫിംഗ് മെറ്റീരിയലുകൾ ലേലം ചെയ്യുന്നതിന് 8.2.18ലെ 4(3) തീരുമാന പ്രകാരം തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ ലേല നടപടികൾ കൈക്കൊണ്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 56 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതും, തീരുമാനങ്ങളുടെ പുരോഗതി തുടർ യോഗങ്ങളിൽ നിരീക്ഷിക്കേണ്ടതുമാണ്.

## 2-5 വസ്തു നികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 13,47,731/- രൂപ വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. (2016-17 വരെയുള്ള കുടിശ്ശിക 8,32,479/-, 2017-18 ലെ കുടിശ്ശിക 5,15,252/-). കുടിശ്ശിക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ 30.11.17 ലെ തീരുമാന പ്രകാരം 2016-17 വരെയുള്ള കുടിശ്ശിക തുക പൂർണമായും പിരിച്ചെടുക്കുന്നത് ഭരണ സമിതിയുടെ 30.11.17 ലെ തീരുമാന പ്രകാരം വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർക്കും , അസി.സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവർക്ക് നിർദ്ദേശം നൽകുകയും വസ്തുനികുതി പിരിവിനായി ഊർജ്ജിത വസ്തുനികുതി പിരിവ് യജ്ഞം 16.1.18 മുതൽ 27.1.18 വരെ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വസ്തു നികുതി പൂർണമായും പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. വസ്തു നികുതി പൂർണമായും പിരിച്ചെടുക്കുവാൻ ഉദ്യോഗസ്ഥതലത്തിൽ വേണ്ട ശ്രദ്ധ പുലർത്തേണ്ടതാണ്. നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പൊതുഭരണം കണക്കുകൾ സൂക്ഷിക്കൽ വർക്കിംഗ് ഗ്രൂപ്പും മോണിറ്റർ ചെയ്യേണ്ടത് അനിവാര്യമാണ്.

## 2-6 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കേണ്ടതാണ്

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 1,86,353/-രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ

1,863/-രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. തുടർ വർഷങ്ങളിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 ഇ ടെണ്ടർ -ടെണ്ടർ ഫാറം വില തിരികെ ഈടാക്കണം

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28.9.13-ലെ ജി.ഒ(എം.എസ്)318/2013/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയായ 69,893/- രൂപ തിരികെ ഈടാക്കാൻ നിർവഹണ ഉദ്യോഗസ്ഥ നടപടി സ്വീകരിക്കേണ്ടതും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മോണിട്ടറിംഗ് ചെയ്യേണ്ടതും ആണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുഴൽക്കിണർ നിർമാണം നടത്തിയില്ല- ഭൂഗർഭ ജല വകുപ്പിന് നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|
| S00191/18 - വേങ്കാട് കുടിവെള്ള പദ്ധതി കുഴൽക്കിണർ നിർമാണം | 400000(വി.ഫ-എസ്.സി.പി) | 400000 | 43/17-18, 29.11.17 |
| നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി<br>സ്ററാന്റിംഗ് കമ്മിറ്റി : വികസനകാര്യം<br>വർക്കിംഗ് ഗ്രൂപ്പ് : കുടിവെള്ളം, ശുചിത്വം | | | |

പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം നേരിടുന്ന വേങ്കാട് എന്ന പ്രദേശത്ത് , നിലവിലെ വിതരണ ശൃംഖല ദീർഘിപ്പിച്ച് കുടിവെള്ളം എത്തിക്കാൻ സാധിക്കാത്തതിനാൽ കുഴൽക്കിണർ നിർമിച്ച് ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിലേക്ക് അംഗീകാരം വാങ്ങിയ മേൽ പദ്ധതി നടത്തിപ്പിനായി ഭൂജലവകുപ്പിൽ (തിരുവനന്തപുരം ജില്ലാ ഓഫീസ്) 4,00,000/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. 3.11.2017 ലെ GW/DOT/1740/2017 നം കത്ത് പ്രകാരം ഭൂജലവകുപ്പിൽ നിന്നും, എസ്റ്റിമേറ്റ് , Investigation report എന്നിവ ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കുഴൽക്കിണർ നിർമിച്ചിട്ടില്ല.

ഭൂജലവകുപ്പ് നടത്തിയ സ്ഥല പരിശോധനയിൽ ജല ലഭ്യത കുറവായതിനാൽ പ്രസ്തുത പ്രോജക്റ്റ് ഉപേക്ഷിച്ച

എന്നും, അടവാക്കിയ തുക തിരികെ നല്കാൻ ഭൂജലവകുപ്പിന് കത്ത് നല്കിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/8.3.2019 ) മറുപടി നല്കിയിട്ടുണ്ട്.

നിക്ഷേപ പ്രവൃത്തി നടപ്പിലാക്കാത്ത സാഹചര്യത്തിൽ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതുവരെ 4,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 തെരുവ് വിളക്കുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായകണക്കില്ല- ഈ ഇനത്തിൽ അധിക ചെലവിന് സാദ്ധ്യത

തെരുവ് വിളക്ക് സ്ഥാപിക്കലിനായി S00106/18, 217/18, എന്നീ പ്രോജക്ടുകളും തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി – വാർഷിക കരാർ (S0062/18) എന്ന പ്രോജക്ടും ആസൂത്രണം ചെയ്തിരുന്നുവെങ്കിലും തൻ വർഷം നടപ്പാക്കിയില്ല.

പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. പഞ്ചായത്തിലെ പരിധിയിൽവരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഓരോ സെക്ഷനിലും എത്ര തെരുവുവിളക്കുകൾ/പോസ്റ്റുകൾ ഉണ്ട് , ഏതൊക്കെ തരം എന്നീ വിവരങ്ങൾ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും ശേഖരിച്ച് തെരുവു വിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അധിക ചെലവിന് സാദ്ധ്യതയുണ്ട്.

സർക്കുലർ നമ്പർ 3055/ഡി.എ/3/11തീയ്യതി 15-09-11 ന്റെ ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല. 07.07.2010-ലെ 43742/ഡി.സി.3/2010/ ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് തുക ഒടുക്കി വരുന്നത്. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

ഇത് സംബന്ധിച്ച് 5/7.3.2019 ആയി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സംയുക്ത പരിശോധന നടത്തുന്നതാണെന്നും, തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ മേൽനോട്ടച്ചുമതലയുള്ള വികസന, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

## 3-3 കേരളോത്സവം അധികം ചെലവഴിച്ച 10620/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് : S002/18 - കേരളോത്സവം

| | |
|---|---|
| അടങ്കൽ | : 50000/- (വി.ഫ), |
| ബിൽ നം | : 38/17-18,31.10.17 |
| നിർവഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി |

2017 സെപ്റ്റംബർ 23,24,25 തീയതികളിലായി നടത്തപ്പെട്ട കേരളോത്സവത്തിന് voucher no.21700460/19.9.2017 പ്രകാരം 30,000/-രൂപ voucher no.21700525/9.10.2017 പ്രകാരം 20,000/-രൂപ എന്നിങ്ങനെ ആകെ 50,000/- രൂപ തനത് ഫണ്ടിൽ നിന്ന് മുൻകൂറായി പിൻവലിച്ച് നല്കിയിട്ടുണ്ട്. എന്നാൽ 50,000/- രൂപയുടെ ചെലവ് കൂടാതെ ചുവടെപ്പറയുന്ന ചെലവുകൾ കൂടി തനത് ഫണ്ടിൽ നിന്ന് ചെയ്തിട്ടുണ്ട്.

| | ഇനം | തുക | Voucher no, date | cheque no, date |
|---|---|---|---|---|
| 1 | കായിക കലാകാരന്മാർക്ക് ആഹാരം | 10000 | 21700536/20.10.17 | 511894/20.10.17 |
| 2 | ഫ്ലക്സ് പ്രിന്റിംഗ് ചാർജ് | 2520 | 21700537/20.10.17 | 511895/20.10.17 |
| 3 | നോട്ടീസ് പ്രിന്റിംഗ് ചാർജ് | 1500 | 21700538/20.10.17 | 511896/20.10.17 |
| 4 | ഫോട്ടോഗ്രാഫി ചാർജ് | 1600 | 21700539/20.10.17 | 511897/20.10.17 |
| ആകെ | | 15620 | | |

28.6.2017 ലെ സ.ഉ.സാധാ.നം.2160/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കേരളോത്സവത്തിന്റെ സംഘാടനത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാൻഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്ന പരമാവധി തുക 55,000/- രൂപയാണ്. അപ്രകാരം സർക്കാർ ഉത്തരവ് നിലനിലക്കെ കേരളോത്സവത്തിന് 10,620/-(65620–55000) രൂപ അധികമായി തുക ചെലവഴിച്ചിരിക്കുന്നു. അധികമായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-4 വിനിയോഗസാക്ഷ്യ പത്രം ലഭിക്കാൻ അവശേഷിക്കുന്നു -തുക തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | ബിൽ നം. | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 218/17-18 വേങ്കമല പട്ടികവർഗ്ഗ കോളനിയിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | അസിസ്റ്റന്റ് സെക്രട്ടറി | 84000/- | 12/17-18 തീയതി. 24.11.17 | KWA അരുവിക്കര |
| S0162/18 നായ വന്ധ്യംകരണം - എ.ബി.സി. പ്രോഗ്രാം | വെറ്റിനറി സർജൻ | 1,68,000/- | ക്രമ നം.7, ബിൽ നം. 17020352014600627068-ABC തീയതി. 30.10.17 | കുടുംബശ്രീ മിഷൻ |
| 175/18, എസ്.എസ്.എ.വിഹിതം | ഹെഡ്മാസ്റ്റർ | 500000/- | 1/2017-18 തീയതി 22.07.2017 | എസ്.എസ്.എ |
| ഐ.കെ.എം.ന് വിഹിതം നൽകൽ S003/18 | സെക്രട്ടറി | 50000/- | 6/17-18, 30.7.17 | ഐ.കെ.എം |

| | | | | |
|---|---|---|---|---|
| | ആകെ | 802000 | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 802000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 നിക്ഷേപ പ്രവൃത്തികൾ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള വിവിധ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ജല അതോറിട്ടിയിൽ ഒടുക്കു വരുത്തിയ തുകകളുടെ ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധനയിൽ പദ്ധതിനിർവഹണം സംബന്ധിച്ച രേഖകളോ, പൂർത്തീകരണ സാക്ഷ്യപത്രമോ ലഭ്യമല്ല. എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയെന്നോ, എത്ര തുക തിരികെ ലഭിക്കാൻ അവശേഷിക്കുന്നുവെന്നോ പരിശോധിക്കാനായില്ല. ആയതിനാൽ 40,61,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ഫണ്ട് | ബിൽനം/ തീയതി |
|---|---|---|---|---|---|
| 1 | 70/18, കോടാലിക്കുഴി | KWA അരുവിക്കര | 201000 | വി.ഫ (എസ്.സി.പി) | 46/17-18 27.11.2017 |
| 2 | 71/18 ബാലപച്ച കൊടിവിളാകം | " | 165000 | " | 8/17-18 10.8.2017 |
| 3 | 72/18 പാട്ടവിള കോളനിയിലേക്ക് | " | 120000 | " | 13/17-18 10.8.2017 |
| 4 | 74/18 നെടുംകൈത ഭാഗത്തേക്ക് | " | 95000 | " | 17/17-18 14.8.2017 |
| 5 | 75/18 തേമ്പാമൂട് വട്ടപ്പാറ കോളനിയിലേക്ക് | " | 478000 | " | 31/17-18 12.10.2017 |
| 6 | 79/18 മേലെ വട്ടയം ഭാഗത്തേക്ക് | " | 100000 | ധനകാര്യകമ്മീഷൻ | 12/17-18 10.8.2017 |
| 7 | 80/18 വെള്ളാണിക്കര അംഗണവാടി ഭാഗത്തേക്ക് | " | 160000 | " | 47/17-18 6.1.2018 |
| 8 | 81/18 മാങ്കുഴി അയണിക്കുഴി ഭാഗത്തേക്ക് | " | 100000 | " | 16/17-18 10.8.2017 |
| 9 | 82/18 നെടുംകൈത ആനക്കുഴി ഭാഗത്തേക്ക് | " | 150000 | " | 14/17-18 10.8.2017 |
| 10 | 86/18 വാധ്യാരുകോണം തോപ്പിൽഭാഗത്തേക്ക് | " | 200000 | " | 36/17-18 31.10.2017 |
| 11 | 101/18 മണ്ണുവിള പിച്ചിമംഗലം ഭാഗത്തേക്ക് | " | 300000 | " | 37/17-18 31.10.2017 |
| 12 | 102/18 തലേക്കുന്ന് ഉമ്പറ ഭാഗത്തേക്ക് | " | 100000 | " | 10/17-18 10.8.2017 |
| 13 | 103/18 കുറ്റിമൂട് പന്തടിക്കുളം ഭാഗത്തേക്ക് | " | 155000 | " | 9/17-18 10.8.2017 |

| | | | | | |
|---|---|---|---|---|---|
| 14 | 105/18<br>നാഗരുകുഴി കാവതിയോട് | '' | 175000 | വി.ഫ (ജന) | 10/17-18<br>10.8.2017 |
| 15 | 167/18<br>ചക്കക്കാട് ഗുരുമന്ദിരംകൊച്ചങ്ങതിൽ | '' | 61000 | ധനകാര്യകമ്മിഷൻ | 45/17-18<br>27.11.2017 |
| 16 | 185/18<br>പടിഞ്ഞാറേക്കോണം-തെക്കേക്കോണം | '' | 100000 | '' | 7/17-18<br>10.8.2017 |
| 17 | 216/18<br>പെരുമല വട്ടപ്പാറ കോളനി | '' | 250000 | വി.ഫ (എസ്.സി.പി) | 69/17-18<br>21.3.2018 |
| 18 | 225/18<br>പുലയരുകുന്ന് കോളനി | '' | 150000 | '' | 68/17-18<br>21.3.2018 |
| 19 | 226/18<br>പേരുമല കുഴിവിള | '' | 150000 | ധനകാര്യകമ്മിഷൻ | 49/17-18<br>12.1.2018 |
| 20 | 232/18<br>വട്ടയം | '' | 100000 | '' | 51/17-18<br>12.1.2018 |
| 21 | 233/18<br>പേരുമല | '' | 100000 | '' | 50/17-18<br>12.1.2018 |
| 22 | 241/18<br>പുല്ലമ്പാറ ചേറാട്ടുകുഴി | '' | 351000 | '' | 48/17-18<br>12.1.2018 |
| 23 | 246/18<br>അടപ്പപ്പാറ | '' | 300000 | വി.ഫ +തനത് | 70/17-18<br>21.3.18 |
| ആകെ | | | 4061000 | | |

മേൽ പ്രവൃത്തികളുടെ ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-6 അംഗണവാടി കെട്ടിട നിർമ്മാണം-പഴയ കെട്ടിടം പൊളിക്കൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടുത്തിയില്ല.

ഗ്രാമപഞ്ചായത്ത് 2017-18 വർഷം മൂന്ന് അംഗണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു. എന്നാൽ Original Estimate തയ്യാറാക്കിയപ്പോൾ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചു നീക്കാൻ പ്രവൃത്തി ഇനം ഉൾപ്പെട്ടുത്തിയില്ല. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ഉള്ള ഇനങ്ങൾ ഇ- ടെണ്ടർ മുഖാന്തിരം Itemwise നിരക്കിലാണ് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ

| ക്രമ നം | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നം. | അടങ്കൽ തുക | ബിൽ തുക | ബിൽ നം. |
|---|---|---|---|---|---|
| 1 | ചക്കക്കാട് അംഗണവാടി കെട്ടിട നിർമ്മാണം | 54/2017-18 | 540000 | 480276 | 207, 17.1.18 |
| 2 | മലവിള അംഗണവാടി കെട്ടിട നിർമ്മാണം | 26/2017-18 | 100000 | 879976 | 77/28.9.17 |
| 3 | പുല്ലമ്പാറ അംഗണവാടി കെട്ടിട നിർമ്മാണം | 215/18 | 100000 | 881342 | 79/28.9.17 |

ടി മൂന്ന് പ്രവൃത്തിയിലും ടെൻഡർ നടപടി പൂർത്തിയായ ശേഷം നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചു നീക്കാൻ താഴെ പറയുന്ന നാല് Extra item കൂടി ഉൾപ്പെട്ടുത്തി Revised estimate തയ്യാറാക്കി.

1.Dismantling Roofing

2.Dismantling Doors and windows

3.Demolishing stone masonery

4.R.R masonery using Departmental rubble.

Revised Estimate തയ്യാറാക്കിയിട്ടുള്ളത്, കരാറുകാരൻപണി തുടങ്ങിക്കഴിഞ്ഞാണ്. അതിനാൽ എസ്റ്റിമേറ്റ് നിരക്കിലാണ് ടി നാല് ഇനങ്ങൾ ചെയ്തിട്ടുള്ളത്. ഈ രീതിയിൽ പണി തുടങ്ങിയ ശേഷം Extra item കൂടി ഉൾപ്പെടുത്തി Revised estimate തയ്യാറാക്കിയതിനാൽ ഈ നാല് ഇനങ്ങൾ ടെൻഡർ നിരക്കിൽ ചെയ്യാൻ സാധിച്ചില്ല. മലവിള അംഗണവാടി കെട്ടിട നിർമ്മാണത്തിന് 4.128cubic meter കൽക്കെട്ട് പൊളിച്ചുവെങ്കിലും 2.8cubic meter Departmental rubble മാത്രമേ പുനരുപയോഗിക്കുവാൻ സാധിച്ചുള്ളൂ. പുല്ലമ്പാറ അംഗണവാടി കെട്ടിട നിർമ്മാണത്തിന് 3.92cubic meter കൽക്കെട്ട് പൊളിച്ചുവെങ്കിലും 2.8cubic meter Departmental rubble മാത്രമേ പുനരുപയോഗിക്കുവാൻ സാധിച്ചുള്ളൂ. Original estimate തയ്യാറാക്കിയ സമയത്തു തന്നെ നിലവിലുള്ള പഴയകെട്ടിടം പൊളിച്ചു നീക്കാൻ പ്രവൃത്തി ഇനം ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ മേല്പറഞ്ഞ അപാകങ്ങൾ ഒഴിവാക്കാമായിരുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ആട്ടിൻകുട്ടി വാങ്ങൽ - ജനറൽ വിഭാഗം - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 47,500/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നം. | :SO213/18 |
| വികസന ഫണ്ട് (സാധാ.) | : അടങ്കൽ 1,42,500/- ചെലവ്.1,17,500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്ററിനറി സർജൻ |
| ബിൽ റഫറൻസ് നം. | :17020352014600187695 തീയതി.23.06.2017 |

ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് ആട്ടിൻകുട്ടി വാങ്ങുന്നതിന് 2,500/- രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം രൂപീകരിച്ച പ്രോജക്ട് പൂർത്തിയാകാത്തതിനെ തുടർന്ന് സ്പിൽ ഓവറായി 2017-18 സാമ്പത്തിക വർഷം പ്രോജക്ട് നടപ്പിലാക്കി 46 ഗുണഭോക്താക്കൾക്കായി 1,17,500/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 19 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം വിതരണം ചെയ്തതിന്റെ അനുബന്ധരേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രോജക്ട് നടത്തിപ്പിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

**(1)** ആട്ടിൻകുട്ടികളുടെ വിൽക്കൽ, വാങ്ങൽ രേഖകൾ പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ ആട്ടിൻ കുട്ടികളെ പരസ്പരം കൈമാറ്റം ചെയ്ത് സബ്സിഡി തുക കൈപ്പറ്റിയിരിക്കുന്നതായി രേഖകൾ സൂചിപ്പിക്കുന്നു. ഉദാ. ശ്രീമതി. റാഫിയത്ത് ബീവി, ശ്രീമതി ശ്രീകല, ശ്രീമതി വിജി, ശ്രീമതി സെലീന ബീവി, ശ്രീമതി വസന്ത കുമാരി എന്നീ ഗുണഭോക്താക്കൾ ഒരേ സമയം ഗുണഭോക്താക്കളായും ആടിനെ വില്പന നടത്തിയവരായും കാണുന്നു. മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 57/14.03.2019-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**(2)** ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവ് വരുത്തി ചെലവ് ചെയ്യുന്നതിന് വിഭാവനം ചെയ്ത് രൂപീകരിച്ച പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ചതായാണ് കാണുന്നത്. പഞ്ചായത്ത്

പരിധിയിലെ മൃഗസമ്പത്തും അതുവഴി പാലുൽപാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയിൽ, ആട്ടിൻ കുട്ടികളെ പരസ്പരം കൈമാറ്റം ചെയ്ത് സബ്സിഡി തുക നേടുന്നത് പദ്ധതി ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതാകയാൽ അനുവദിക്കാവുന്നതല്ല.

**(3)** 12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അദ്ധ്യക്ഷനായും വെറ്റിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് 7 പേർ അംഗങ്ങളുമായുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ സമിതിക്ക് നേരിട്ട് വാങ്ങാവുന്നതാണ്. ഈ നിർദ്ദേശങ്ങളൊന്നും പദ്ധതി നടത്തിപ്പിൽ പാലിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് ആട്ടിൻ കുട്ടികളെ നേരിട്ട് വാങ്ങുന്നതിന് അനുവദിക്കുകയും ഈ വിഷയത്തിൽ മോണിറ്ററിംഗ് നടത്താതിരിക്കുകയും ചെയ്തതിനാലാണ് ആട്ടിൻ കുട്ടികളെ പരസ്പരം കൈമാറ്റം ചെയ്ത് സബ്സിഡി ആനുകൂല്യം നേടുന്നതിന് ഇടയാക്കിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി ആനുകൂല്യം അനുവദിക്കുന്ന വേളയിൽ അർഹരായ ഗുണഭോക്താക്കൾക്കാണ് തുക ലഭിക്കുന്നത് എന്നതിന്മേൽ ആവശ്യമായ പരിശോധന നടത്തിയതായും കാണുന്നില്ല. മൃഗ സംരക്ഷണം-ക്ഷീര വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗിന്റെ അഭാവമാണ് പ്രോജക്ട് നടത്തിപ്പിലെ അപാകതകൾക്ക് കാരണം.

ചെലവ് രേഖകളുടെ അഭാവത്തിൽ 19 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത സബ്സിഡി ആനുകൂല്യമായ 47,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തേണ്ടതും പർച്ചെയ്സ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്

എ) കരനെൽകൃഷി – കൂലിചെലവ് എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തിയില്ല

128/18 കരനെൽകൃഷിക്ക് നാല് ഗുണഭോക്താക്കൾക്കായി കൂലി ചെലവിനത്തിൽ 6,800/-രൂപ (വികസന ഫണ്ട് 3400 + ബിൽ നം. 216/17-18 തീയതി 25.1.2018 ബ്ലോക്ക് വിഹിതം 3400) ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വൗച്ചറിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത് . ഗുണഭോക്താക്കൾ ലഭ്യമാക്കിയ വൗച്ചർ പ്രകാരം നടീലും കൊയ്ത്തും അല്ലാത്ത പ്രവൃത്തിക്കാണ് കൂലി ചെലവ് സബ്സിഡി നൽകിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം നടീലും കൊയ്ത്തും ഒഴികെ ഉള്ള പ്രവർത്തനങ്ങളിൽ MGNREGSന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരം സാദ്ധ്യത നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗമായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പോ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പരിശോധിച്ചതായി കാണുന്നില്ല. കരനെൽകൃഷിക്ക് തുക അനുവദിക്കുന്ന സാഹചര്യത്തിൽ കൃഷി നടത്തിയിട്ടുണ്ടെന്ന് കൃഷി ഓഫീസർ ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റും പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തീകരണം, എന്നിവ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് വിലയിരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 32 നുള്ള മറുപടിയായി 4 ഗുണഭോക്താക്കൾ 1 ഏക്കർ സ്ഥലത്ത് കൃഷി ചെയ്തതായും MGNREGS-ന്റെ സേവനം തുടർ വർഷങ്ങളിൽ പ്രയോജനപ്പെടുത്തുന്നതാണെന്നും, അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖക്കനുസൃതമാകുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ കൃത്യമായി നടക്കുന്നുണ്ടോയെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ MGNREGS ന്റെ സേവനം പ്രയോജനപ്പെടുത്തുന്നത് വഴി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ

കാർഡുടമകൾക്ക് തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യതയും വർദ്ധിക്കും. ഈ വിഷയത്തിൽ ഭരണസമിതി ഇടപെടലുകൾ അനിവാര്യമാണ്.

ബി) പദ്ധതി പ്രകാരമുള്ള വാങ്ങലുകൾക്ക് പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

വാഴകൃഷിയ്ക്കായി 470 ഗുണഭോക്താക്കൾക്ക് ജൈവവളം വാങ്ങി നൽകുന്നതിനാണ് 134/18 നമ്പർ പ്രോജക്ട് പ്രകാരം പർച്ചേയ്സ് കമ്മിറ്റി (കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി രൂപീകരിച്ചിട്ടുള്ള) മുഖാന്തിരമോ, പഞ്ചായത്തിലെ വളം ഡിപ്പോയിൽ നിന്നോ ആണ് വളം വാങ്ങി നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ ഈ നിർദ്ദേശം പാലിക്കുന്നതിന് പകരം ഗുണഭോക്താക്കൾ ലഭ്യമാക്കിയ വൗച്ചറിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ വ്യക്തിഗത അക്കൗണ്ടിൽ തുക നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം നടീൽ, വിളവെടുപ്പ് ഘട്ടങ്ങളിൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്. എന്നാൽ പദ്ധതി മോണിറ്ററിംഗ് നടന്നിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 32 നുള്ള മറുപടിയായി തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിനനുസരിച്ച് പദ്ധതി പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതും. ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ തീയതി 29.3.2017 പ്രകാരമുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് പദ്ധതി മോണിറ്റർ ചെയ്യേണ്ടതുമാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വനിതാഘടകപദ്ധതികൾ ലക്ഷ്യപ്രാപ്തികൈവരിയ്ക്കണം.

വനിതകളുടെ സാമൂഹ്യ സാമ്പത്തിക ഉന്നതിക്ക് ഊന്നൽ നല്കിക്കൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങൾ വനിതാഘടകപദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. (29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ). നിർബന്ധിത പ്രോജക്ടുകൾ എന്ന നിലയിൽ അംഗീകാരത്തിന് വേണ്ടി ഉൾപ്പെടുത്തുകയും, നിർവഹണഘട്ടത്തിൽ ഫണ്ട് പൂർണമായും ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നു. 2017-18 സാമ്പത്തികവർഷം പഞ്ചായത്ത് വനിതാഘടക പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും പലതും അടങ്കൽ തുക പൂർണമായും ചെലവഴിക്കാത്ത സാഹചര്യമാണുണ്ടായത്. ആയതിനാൽ പദ്ധതി ലക്ഷ്യം പൂർണമായും കൈവരിച്ചിട്ടില്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | നിർവഹണം | ആകെ അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | SO140/18<br>ജൈവ പച്ചക്കറി കൃഷി - പട്ടികജാതി വിഭാഗം(വനിത) | കൃഷി ഓഫീസർ | 151125 | 0 |
| 2 | SO141/18<br>ജൈവ പച്ചക്കറി കൃഷി-ജനറൽ വനിത | കൃഷി ഓഫീസർ | 187275 | 3300 |
| 3 | SO16/18<br>തൊടി നിറയെ കോഴി പട്ടികജാതി വിഭാഗം- വനിത | വെറ്റിനറി സർജൻ | 167300 | 2100 |

2017-18ലെ വികസന രേഖ പ്രകാരം വനിതകൾക്ക് തൊഴിൽ സംരംഭം ഉറപ്പാക്കുന്നതിനും സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹിക പദവിയും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശമുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല.

`വനിതാ വികസനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. വനിതാ ഘടക പദ്ധതിയിൽ പദ്ധതികൾ ഉൾപ്പെടുത്തുമ്പോൾ വേണ്ടത്ര ഗുണഭോക്താക്കൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വനിതാഘടക പദ്ധതിക്കായുളള വകയിരുത്തലുകൾ പൂർണമായും ചെലവഴിക്കുന്നതിലൂടെ മാത്രമേ വനിതാ വികസനം സാദ്ധ്യമാകുകയുള്ളൂ. ഇതിനായി കൃത്യമായ ആസൂത്രണത്തോടെ വനിതാ ഘടക പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## 3-10 പട്ടികജാതി വിഭാഗം ഭവനങ്ങൾക്ക് കുടിവെള്ള കണക്ഷന് ധനസഹായം - അർഹത രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല – 7500/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് | : നം66/18- പട്ടികജാതി വിഭാഗം ഭവനങ്ങൾക്ക് കുടിവെള്ള കണക്ഷന് ധനസഹായം |
| അടങ്കൽ | : 3,75,000/- |
| ചെലവ് | : 2,40,000/-(SCP) |
| ബിൽ നം. | : 21/17-18 തീയതി.08.03.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | : അസി. സെക്രട്ടറി |

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ കുടിവെള്ള വിതരണ പദ്ധതിയിൽ നിന്നും കണക്ഷൻ എടുക്കുന്ന പട്ടിക ജാതി വിഭാഗം ഗുണഭോക്താക്കൾക്ക് 7,500/- രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് എസ്.സി.പി. ഫണ്ട് വകയിരുത്തി രൂപീകരിച്ച പ്രോജക്ടിൽ നിന്ന് ക്രമ നം.12-ായി ധനസഹായം അനുവദിച്ചിട്ടുള്ളതിനോടനുബന്ധിച്ച് സമർപ്പിച്ചിട്ടുള്ള രേഖകൾ പ്രകാരം ശ്രീമതി കുഞ്ഞിക്കാണ് ധനസഹായത്തിന് അർഹത. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.വിജയകുമാറിന് തുക അനുവദിച്ചുകാണുന്നു. ശ്രീ.വിജയകുമാറിന്റെ അർഹത സൂചിപ്പിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/08.03.18 -ന് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ അനുവദിച്ച 7,500/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു (ബിൽ നം.21/17-18 തീയതി 08.03.18 ബിൽ തുക 1,05,000/-). രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 കട്ടിൽ വിതരണം - പൂർണ്ണമായ വിതരണ രേഖകളില്ല - ചെലവ് തുക 8656/- രൂപ തടസ്സം ചെയ്യുന്നു .

| | |
|---|---|
| പ്രോജക്ട് നം. | : 161/18 |
| പേര് | : പട്ടിക ജാതി വിഭാഗത്തിൽ 60 വയസു കഴിഞ്ഞവർക്ക് കട്ടിൽ വിതരണം |
| അടങ്കൽ | : 431250/- |
| ചെലവ് | : 428472/- |
| ഫണ്ട് വികസന ഫണ്ട് | : എസ്.സി.പി. |
| ബിൽ നം. | : 30/17-18 തീ.08.03.18 |
| വർക്കിംഗ് ഗ്രൂപ്പ് . | : പട്ടികജാതി വികസനം |
| നിർവഹണ ഉദ്യോഗസ്ഥൻ | : അസി. സെക്രട്ടറി |

പട്ടികജാതി വിഭാഗത്തിൽ 60 വയസ് കഴിഞ്ഞ ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ടിനായി ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സ്, നാരങ്ങാനം കോഴഞ്ചേരി-ക്ക് ടെണ്ടർ അനുവദിച്ച് 08.12.17-ലെ

നം.A3-4838(2)/17 നമ്പർ കത്തിൽ 99 കട്ടിലുകൾ വിതരണം ചെയ്യാൻ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് നിർവഹിച്ച പ്രോജക്ടിൽ, 99 കട്ടിലിന്റെ തുകയായി 4,28,472/- രൂപ തമ്പുരാൻകാലയിൽ ട്രേഡ് ലിങ്ക്സിന് (ഇൻവോയിസ് നം.1290/19.01.2018) ബിൽ നം.30/17-18 തീ.08.03.18 പ്രകാരം നൽകിയിട്ടുണ്ട് . ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 97 കട്ടിലുകളാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണ വിവരം രേഖപ്പെടുത്തി പ്രത്യേക അക്വിറ്റൻസ് സൂക്ഷിക്കുന്നില്ല. ഫയലിനൊപ്പം കൈപ്പറ്റ് രസീത് സൂക്ഷിക്കുകയും ഗുണഭോക്താക്കളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതിൽ നിന്ന് ക്രമ നം.71- ശ്രീമതി. ഗോമതി, കോടാലിക്കുഴി വീട്, ക്രമ നം.93 ശ്രീമതി. ഭായി, കിഴക്കുംകര വീട് എന്നീ ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/11.03.19 ന് മറുപടിയായി രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 2 കട്ടിലിന്റെ വിലയായി ചെലവഴിച്ചിട്ടുള്ള 8,656/-രൂപ (4328 x 2 = 8656) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

## 3-12 ഭവനപുനരുദ്ധാരണം പദ്ധതി- അപാകതകൾ

| പ്രോജക്ട് നം , പേര് | അടങ്കൽ | ചെലവ് |
|---|---|---|
| S00181/18<br>ഭവന പുനരുദ്ധാരണം (പട്ടികജാതി വിഭാഗം) | 24,00,000/-<br>വി.ഫ-എസ്.സി.പി | 17,25,000/- |
| സ്ററാന്റിംഗ് കമ്മിറ്റി : ക്ഷേമകാര്യം<br>വർക്കിംഗ് ഗ്രൂപ്പ് : ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | | |

സ.ഉ(എം.എസ്) 80/17 തസ്വഭവ തീ:3.04.17 പ്രകാരം ദാരിദ്ര്യലഘൂകരണത്തിനു വേണ്ടി ഭവനപദ്ധതി കുടിശ്ശിക തുക നല്കൽ, വീടിന്റെ മേൽക്കൂര മാറ്റൽ, ഭവനപുനരുദ്ധാരണം (വീട് വാസയോഗ്യമാക്കൽ), ലൈഫ് മിഷൻ പണിപൂർത്തിയാകാത്ത വീടുകൾക്ക് ധനസഹായം എന്നീ പ്രോജക്ടുകളാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് വേണ്ടി മാത്രം വിഭാവനംചെയ്തിട്ടുള്ളതാണ് ഭവന പുനരുദ്ധാരണ പദ്ധതികൾ (ജി.ഒ(എം.എസ്)80/2017/ത.സ്വ.ഭ.വതീ.3.4.2017,ഖ.8.6). പഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്കു കീഴിലെ ദാരിദ്ര്യലഘൂകരണം എന്ന വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 2017-18 വർഷത്തെ ഭവന പുനരുദ്ധാരണം (പട്ടികജാതി വിഭാഗം) എന്ന പദ്ധതി നിർവഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന നിർദ്ധനരായ 16 പേർക്ക് ഭവനപുനരുദ്ധാരണത്തിനായി 1,50,000/- രൂപ വീതം നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണ് ഇത്. പദ്ധതി മാർഗ രേഖ പ്രകാരം വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് വേണ്ടി മാത്രമേ പ്രസ്തുത ആനുകൂല്യം നല്കാവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷാ പരിശോധനയിൽ ഗുണഭോക്താക്കൾ വ്യത്യസ്ത രീതിയിൽ പ്രവൃത്തികൾ നടത്തുകയും അതിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കി ആനുകൂല്യം കൈപ്പറ്റുകയും ചെയ്തിരിക്കുന്നു. പലരും എസ്റ്റിമേറ്റിൽ സെറാമിക് ടൈൽസ് ഉപയോഗിച്ച് നിലം പാകൽ എന്ന കൂടിയ നിരക്കിലുള്ള പ്രവൃത്തി കൂടി

ഉൾപ്പെടുത്തിയാണ് സബ്സിഡി ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. വാസയോഗ്യമാക്കൽ എന്നതിലുപരി മോടിപിടിപ്പിയ്ക്കൽ പ്രവൃത്തിയാണ് ഇത്. ഹാജരാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ടൈൽസ് പാകൽ എന്ന പ്രവൃത്തിയുടെ മൂല്യം കൂടി കണക്കിലെടുത്താണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉദാ:

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അളവ് | എസ്റ്റിമേറ്റ് തുക (അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത്) |
|---|---|---|---|
| 1 | ശ്രീമതി.ഓമന- വാർഡ്14<br>ആട്ടുകാൽ കിഴക്കുംകരപുത്തൻവീട് പാലാം കോണം | 76 ച.മീ ഫ്ലോർ ടൈലിംഗ് @ 927.35 | 70,478 |
| 2 | ശ്രീമതി.അമ്പിളി.കെ, വാർഡ്-15<br>പണ്ടാരത്തോട് കിഴക്കുംകര പുത്തൻവിട്, വെള്ളുമണ്ണടി പി.ഒ | 71.8 ച.മീ ഫ്ലോർ ടൈലിംഗ് @ 927.35 | 66583 |
| 3 | ശ്രീമതി.ജയകുമാരി, വാർഡ്-13<br>തോട്ടരികത്ത് വീട്, പാലാം കോണം | 80 ച.മീ ഫ്ലോർ ടൈലിംഗ് @ 927.35 | 74188 |
| 4 | ശ്രീമതി.അജിതാസജി, വാർഡ്-3<br>അശ്വതി ഭവൻ, പേരുമല | 59 ച.മീ ഫ്ലോർ ടൈലിംഗ് @ 927.35 | 54713.65 |
| 5 | ശ്രീമതി.ഷീബ, വാർഡ്-8<br>കുന്നുംപുറത്ത് വീട് പരിക്കപ്പാറ, കുനൻവേങ്ങ | 55 ച.മീ ഫ്ലോർ ടൈലിംഗ് @ 927.35 | 51004 |

മേൽ ഗുണഭോക്താക്കൾ കരാർ വേളയിൽ തറ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ആണ് വീട് വാസയോഗ്യമാക്കുന്നതിന്റെ ഭാഗമായി തറ ടൈൽസ് പാകിയിട്ടുള്ളത് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.47/13.3.19) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. ഭാവിയിൽ അർഹരായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-13 ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ഉപകരണം-മാർഗ്ഗരേഖാ ലംഘനം

| | |
|---|---|
| പ്രോജക്ട് നമ്പർ | :220/18 |
| പ്രോജക്ടിന്റെ പേര് | : ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ വിതരണവും |
| നിർവ്വഹണഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ, PHC |
| അടങ്കൽതുക | :4,27,500/-രൂപ |
| ചെലവ് | :27 930/- രൂപ |
| ഫണ്ടിനം | : വികസന ഫണ്ട് (ജനറൽ) |
| ബിൽനമ്പർ | :11/17-18, തീയതി 12.3.2018 |

ഭിന്നശേഷിക്കാർക്ക് ക്യാമ്പ് നടത്തി മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പ്രസ്തുത പ്രോജക്ടിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**(1)** ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള പ്രോജക്ട് നഗരഭരണസ്ഥാപനങ്ങളും ബ്ലോക്കുപഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും മാത്രമേ ഏറ്റെടുക്കാവൂ. (സ.ഉ(എം.എസ്)നമ്പർ 80/2017/ ത.സ്വ.ഭ.വ, തീയതി : 03.04.2017). എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി (10.3) ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നു.

**(2)** വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. എന്നാൽ 2017-18 വാർഷിക പദ്ധതി അന്തിമ പദ്ധതിരേഖയിൽ ഈ വിഷയം ഉൾപ്പെട്ടു കാണുന്നില്ല. അവസ്ഥാരേഖ ഓഡിറ്റിന് ലഭ്യമായില്ല. വർക്കിംഗ് ഗ്രൂപ്പിലും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഇതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. മെഡിക്കൽ ക്യാമ്പ് നടത്തി ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. എന്നാൽ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ഉപകരണം വിതരണം ചെയ്തിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Remuneration of Doctors | : 3700/- |
| Meals | : 15000/- |
| Tea and snacks | : 1880/- |
| Banner | : 450/- |
| Transportation charge | : 2400/- |
| Other charges | : 4500/- |
| Total | : 27930/-രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33 ന് ലഭ്യമായ മറുപടിയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനാണ് 27,930/- രൂപ ചെലവായിട്ടുള്ളതെന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് ഇൻവോയിസിനുള്ള റിക്വസ്റ്റ് വികലാംഗ കോർപ്പറേഷനിലേയ്ക്ക് നൽകിയെങ്കിലും 2018 മാർച്ച് 31 നകം ഇൻവോയിസ് ലഭിച്ചില്ലായെന്നും പദ്ധതി സ്പിൽ ഓവറായി 2018-19 സാമ്പത്തികവർഷം അന്തിമഘട്ടത്തിലാണെന്നും DPC അംഗീകാരം ലഭിച്ചതിനാലാണ് ഏറ്റെടുത്തതെന്നും പരിചയക്കുറവ് മൂലമുണ്ടായ തെറ്റ് തുടർന്ന് ഉണ്ടാവുകയില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 ഹെഡ്മിസ്ട്രസ് നിർവഹിച്ച പദ്ധതികൾ - അപാകതകൾ

2017-18 സാമ്പത്തിക വർഷം ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി 7 പ്രോജക്ടുകളാണ് നിർവ്വഹിച്ചത്. ഇവയിൽ പ്രോജക്ട് നമ്പർ 104/18 (മഷിയും മഷിപേനയും) സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി.ഒ (എം.എസ്) നം. 80/2017 തീയതി 3.4.17) അനുവദനീയമായതല്ല. കൂടാതെ മേൽ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് ചർച്ചയിലൂടെ രൂപീകരിച്ചവയല്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് പദ്ധതി മോണിറ്റർ ചെയ്തിട്ടില്ല. മറ്റ് പദ്ധതികളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല</u>

| | | |
|---|---|---|
| പദ്ധതി അടങ്കൽ | : | 50,000/- (വി.ഫ) |
| ചെലവ് | : | 50,000/- |
| ബിൽ നം. | : | 5/17-18 , 17.1.2018 |

പദ്ധതി പ്രകാരം 50,000/- ചെലവഴിച്ച് 25 ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(എം.എസ്) 80/2017 തീയതി 03.04.2017) രജിസ്റ്റേഡ് ക്ലബ്ബുകൾക്കാണ് സ്പോർട്സ് ഉപകരണങ്ങൾ നൽകേണ്ടത്. കൂടാതെ സ്പോർട്സ് കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങളെ കുറിച്ച് യുവജനക്ലബ്ബുകളുടെ ഏകോപന സമിതി ആലോചിക്കേണ്ടതും, ക്ലബ്ബുകളുടെ ആവശ്യകതക്കും സാദ്ധ്യതക്കും അനുസരിച്ച് ക്ലബ്ബുകളിൽ നിന്നും ആവശ്യമായ സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് അപേക്ഷയോടൊപ്പം വാങ്ങേണ്ടതും ഇവ ക്രോഡീകരിച്ച് സാമ്പത്തിക പരിധിക്കും ഭരണസമിതി തീരുമാനത്തിനും വിധേയമായാണ് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങേണ്ടത്. എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്

**(1)** പദ്ധതി ആനുകൂല്യം ലഭിച്ച 24 ക്ലബ്ബുകളുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

**(2)** 14 ക്ലബ്ബുകളിൽ നിന്നും മാത്രമാണ് അപേക്ഷകൾ ലഭിച്ചത് എല്ലാ അപേക്ഷകരിൽ നിന്നും ആവശ്യമായ സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് വാങ്ങുകയോ ആയത് ക്രോഡീകരിച്ച് ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

**(3)** പദ്ധതി പ്രകാരം വാങ്ങിയ എല്ലാ ഉപകരണങ്ങളും വിതരണംചെയ്തിട്ടില്ല.

ഉദാ-

| ഇനം | വാങ്ങിയത് | വിതരണം ചെയ്തത് ( വിതരണ രജിസ്റ്റർ പ്രകാരം) |
|---|---|---|
| ഷട്ടിൽ ബാറ്റ് | 46 | 38 |
| ചെസ്സ് ബോർഡ് | 2 | 1 |
| കാരംസ് ബോർഡ് | 2 | 1 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 43 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്ലബ്ബുകളിൽ നിന്നും ലഭിച്ച അപേക്ഷ കൂടാതെ വാർഡ് തലത്തിൽ ശേഖരിച്ച ലിസ്റ്റ് പ്രകാരവും ആനുകൂല്യം നൽകിയതായും, എല്ലാ ഉപകരണങ്ങളും വിതരണം ചെയ്തതായും, വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്ലബ്ബുകൾക്ക് അംഗീകാരമുണ്ടെന്ന് ഉറപ്പുവരുത്താതെയും കൃത്യമായ ആസൂത്രണമില്ലാതെയും നടപ്പിലാക്കിയ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ മോണിറ്ററിംഗ് സമിതി മോണിറ്റർ ചെയ്ത്, റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ല. പഞ്ചായത്തിലെ

കായിക വികസനം ലക്ഷ്യമിടുന്ന ഈ പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

ബി) <u>ഒന്നാംക്ലാസ്- ഒന്നാംതരം- പരിശോധനാ സംവിധാനം ഏർപ്പെടുത്തിയില്ല.</u>

പദ്ധതി അടങ്കൽ : 8,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ് : 6,41,402/-

107/18 (ഒന്നാംക്ലാസ്- ഒന്നാംതരം) നമ്പർ പദ്ധതി പ്രകാരം എൽ.പി.എസ്, പെരുമല, എൽ.പി.എസ് മുക്കുടിയിൽ എന്നീ സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് റൂമിന് വേണ്ടി 6,41,402/- (ബിൽ നമ്പർ 4/17-18 17.1.18 1,60,000/-, ബിൽ നമ്പർ 10/17-18 4,81,402/-) രൂപ അക്രെഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്. കോസ്റ്റ് ഫോർഡുമായി ഏർപ്പെട്ട കരാർ പ്രകാരം കോസ്റ്റ് ഫോർഡ് ചെയ്യുന്ന പ്രവൃത്തികളുടെ അളവും ഗുണനിലവാരവും പരിശോധന നടത്തുന്നതിന് ഹെഡ്മിസ്ട്രസ്സ് സംവിധാനം ഏർപ്പെടുത്തേണ്ടതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരിശോധനാ സംവിധാനം രൂപീകരിച്ചതിന്റെയോ പ്രവൃത്തിയുടെ അളവും ഗുണനിലവാരവും പരിശോധിച്ചതിന്റെയോ വിവരങ്ങൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇത്തരത്തിൽ പരിശോധന സംവിധാനം ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 45 നുള്ള മറുപടിയായി പ്രവർത്തന ഘട്ടങ്ങൾ പഞ്ചായത്ത് അധികൃതർ നിരീക്ഷിച്ചിരുന്നതായും, വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതായും, രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ രോഖപ്പെടുത്താത്ത വിവരങ്ങൾ പിന്നീട് ഹാജരാക്കാമെന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. കൂടാതെ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് മോണിറ്റർ ചെയ്തിട്ടില്ല.

സി) <u>ഉച്ച ഭക്ഷണത്തിന് പാത്രങ്ങൾ വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല</u>

പ്രോജക്ട് നമ്പർ 114/18 പ്രകാരം വികസന ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ അടങ്കൽ തുക ചെലവഴിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിലെ എൽ.പി.സ്കൂളുകൾക്ക് പാത്രങ്ങളും ഗ്ലാസ്സുകളും വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം ക്വട്ടേഷൻ/ ടെണ്ടർ മുഖാന്തിരമോ പത്ര പരസ്യം മുഖാന്തിരമോ ആണ് സാധനങ്ങൾ വാങ്ങേണ്ടത്. എന്നാൽ സാധനങ്ങൾ നേരിട്ട് സിഡ്കോയിൽ നിന്നും വാങ്ങുന്ന രീതിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ചത്. കൂടാതെ വാങ്ങിയ സാധനങ്ങൾ സിഡ്കോ നേരിട്ട് നിർമ്മിക്കുന്നവയല്ല. സ.ഉ സാധാ നം 3299/2016/തസ്വഭവ തീ. 21.12.16 പ്രകാരം ടെണ്ടർ ഒഴിവാക്കിയുള്ള വാങ്ങലുകൾക്കാണെങ്കിലും സിഡ്കോ സ്വയം നിർമ്മിക്കുന്ന സാധനങ്ങളാണ് വാങ്ങുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചത് പ്രകാരം മേൽ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല.മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 41ന് ലഭ്യമാക്കിയ മറുപടിയിൽ ഭരണ സമിതി തീരുമാന പ്രകാരമാണ് സിഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമാകുവാൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധ

ചെലവ്വത്തേണ്ടതും, ജി.ഒ(എം.എസ് 72/2018 തീയതി 29.3.2017 പ്രകാരമുള്ള പദ്ധതി മോണിറ്ററിംഗ് നടക്കുന്നുണ്ടെന്ന് ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-15 പാലിയേറ്റീവ്കെയർ-ഒന്നിലേറെ പ്രോജക്ട് നടപ്പിലാക്കി

പാലിയേറ്റീവ് പരിചരണമാർഗ്ഗരേഖ 2015 ജി.ഒ(ആർടി)3217/2015 ത.സ്വ.ഭ.വ,29.10.2015 വകുപ്പ് 2.10.6 പ്രകാരം പാലിയേറ്റീവ് കെയറിനുവേണ്ടി ഓരോ സാമ്പത്തിക വർഷത്തേയ്ക്കും ഒരു പ്രോജക്ട് മാത്രമേ തയ്യാറാക്കാവൂ. സാമ്പത്തിക വർഷാരംഭം മുതൽ സാമ്പത്തിക വർഷാവസാനം വരെ വേണ്ടിവരുന്ന എല്ലാ പ്രവർത്തനങ്ങളും ചെലവുകളും കണക്കാക്കി പ്രോജക്ട് തയ്യാറാക്കണം. പ്രോജക്ടിന് ഭേദഗതി ആവശ്യമായി വന്നാൽ ഭേദഗതി വരുത്തി പദ്ധതി ആസൂത്രണമാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് അംഗീകാരം നേടേണ്ടതാണ്. വകുപ്പ് 2.10.7 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന്റെ ആരോഗ്യമേഖലാ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അലോപ്പതി നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ആയിരിക്കണം ഈ പ്രോജക്ടിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥൻ.

എന്നാൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് കെയറിനു വേണ്ടി ഒന്നിലേറെ പ്രോജക്ടുകൾ (4 എണ്ണം) നടപ്പിലാക്കിയിട്ടുള്ളതും മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. യ്ക്ക് പുറമെ മെഡിക്കൽ ഓഫീസർ, ആയുർവേദം, സെക്രട്ടറി എന്നിവ നിർവഹണ ഉദ്യോഗസ്ഥന്മാരായിട്ടുള്ളതുമാണ്. ഇത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1. | 146/18 | PHCയ്ക്ക് പാലിയേറ്റീവ് മരുന്നു വാങ്ങൽ | മെഡിക്കൽ ഓഫീസർ, PHC |
| 2. | 93/18 | സാന്ത്വനം പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ,PHC |
| 3. | 111/18 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് പാലിയേറ്റീവ് മരുന്നു വാങ്ങൽ | സെക്രട്ടറി |
| 4. | 77/18 | ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് പാലിയേറ്റീവ് മരുന്നുവാങ്ങൽ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം |

ഭാവിയിൽ പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ കർശനമായി പാലിക്കേണ്ടതാണ്.

## 3-16 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പദ്ധതികളിലെ അപാകതകൾ

(എ) പ്രോജക്ട് നമ്പർ : 146/2018
പ്രോജക്ടിന്റെ പേര് : പി.എച്ച്.സി.യ്ക്ക് പാലിയേറ്റീവ് മരുന്നു വാങ്ങൽ
ഫണ്ടിനം : വികസന ഫണ്ട് (ജനറൽ)
അടങ്കൽതുക : 400000/-
ചെലവ്തുക : 400000/-
ബിൽനമ്പർ : 5/17-18,തിയതി:31.10.17
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, PHC

(ബി) പ്രോജക്ട് നമ്പർ : 138/18
പ്രോജക്ടിന്റെ പേര് : PHCയ്ക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| അടങ്കൽ തുക | : 400000/- |
| ചെലവ് തുക | : 400000/- |
| ഫണ്ടിനം | : മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽനമ്പർ | : 9/17-18,തിയതി:15.12.17 |

കേന്ദ്രീകൃത രീതിയിലുള്ള മരുന്ന് വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയെന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്.എന്നാൽ ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങാൻ പാടില്ല. (സ.ഉ.(എം.എസ്)നമ്പർ.80/2017/ തസ്വഭവ,തീയതി.03.04.17)

മെഡിക്കൽ ഓഫീസർ PHC നിർവ്വഹണം നടത്തിയ രണ്ടു മരുന്ന് വാങ്ങൽ പ്രോജക്ടുകളിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നു വാങ്ങി.

(2) പ്രോജക്ട് നമ്പർ 138/18ൽ 1,51,458/- രൂപയുടെയും പ്രോജക്ട് നമ്പർ 146/18ൽ 1,15,758/- രൂപയുടെയും മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

(3) പ്രോജക്ട് നമ്പർ 138/18 പ്രകാരം 2,48,542/- രൂപയുടെയും പ്രോജക്ട് നമ്പർ 146/18 പ്രകാരം 2,84,242/- രൂപയുടെയും മരുന്ന് ബില്ലുകളാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ ലഭ്യമായ മരുന്നിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40,51 എന്നിവയ്ക്ക് മറുപടി ലഭ്യമായില്ല.

ഭാവിയിൽ ഇത്തരം പ്രോജക്ട് നടപ്പിലാക്കുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC വാങ്ങേണ്ടതും ലഭ്യമായ മരുന്നിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. നാളിതുവരെ മരുന്നു ലഭ്യമാകാത്ത 2,67,216/- (151458+115758) രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## **3-17** <u>അംഗീകൃത സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങണം</u>

പേര് : ജീവിത ശൈലീരോഗ – പരിശോധന യൂണിറ്റ് വാങ്ങൽ

പ്രോജക്ട് നം. : 149/2018

ജീവിത ശൈലീരോഗപരിശോധനയുടെ ഭാഗമായി 25,000/- രൂപയ്ക്ക് NCD stripഉം 5,000/- രൂപയ്ക്ക് NCD കാർഡും വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്.

എന്നാൽ പ്രോജക്ട് വിഭാവനം ചെയ്തതിനു വിരുദ്ധമായി KMSCLൽ നിന്ന് 30,000/- രൂപയുടെ അലോപ്പതി

മരുന്ന് വാങ്ങുകയും തുക KMSCLന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തു. NCD strip ഉം NCD കാർഡും വാങ്ങുന്നതിനായി പ്രോജക്ട് രൂപീകരിക്കുകയും എന്നാൽ അതിനു വിരുദ്ധമായി അലോപ്പതി മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിക്കുകയും ചെയ്തത് തെറ്റാണെന്ന് ബോധ്യമായതിനെ തുടർന്ന് പ്രസ്തുത നടപടി തിരുത്തുന്നതിന് KMSCLന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിരുന്ന തുക മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. തുടർന്ന് ക്വട്ടേഷൻ നടപടിയിലൂടെ Enzyme Surgicals എന്ന സ്ഥാപനത്തിൽ നിന്ന് 24,640/-രൂപ ചെലവിൽ NCD strip വാങ്ങുകയും Beety offset Printers ആനാട് എന്ന സ്ഥാപനത്തിൽ നിന്നും 4,990/- രൂപയുടെ Patient Treatment Card വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാങ്ങൽ നടപടിക്രമങ്ങളിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC വാങ്ങാതെ മെഡിക്കൽ ഉപകരണം വാങ്ങി.
2. അംഗീകൃത സർക്കാർ സ്ഥാപനത്തിൽ നിന്ന് വാങ്ങിയില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.29ന് ലഭ്യമായ മറുപടിയിൽ NCD strip സ്ഥാപനത്തിന് അത്യാവശ്യമായിരുന്നെന്നും സർക്കാർ സ്ഥാപനത്തിൽ നിന്ന് വാങ്ങിയാൽ ഉണ്ടാകുമായിരുന്ന കാലതാമസം ഒഴിവാക്കാനാണ് ക്വട്ടേഷൻ ക്ഷണിച്ച് മെഡിക്കൽ ഉപകരണം വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 PHCയ്ക്ക് ലാബ് സൗകര്യം ഒരുക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | : 135/18 |
| പ്രോജക്ടിന്റെ പേര് | : PHC യ്ക്ക് ലാബ് സൗകര്യം ഒരുക്കൽ |
| ഫണ്ടിനം | : മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽതുക | : 6,00,000/-രൂപ |
| ചെലവ്തുക | : 4,51,561/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ PHC |
| ബിൽ നമ്പർ | : 12/17-18, 16.03.18 – 96,810/-രൂപ<br>14/17-18, 22.03.18 – 229784/-രൂപ<br>16/17-18, 27.03.18 – 95000/-രൂപ<br>17/17-18, 26.03.18 – 29967/-രൂപ |

PHCയ്ക്ക് ലാബ് സൗകര്യം ഒരുക്കുന്നതിനായി വിഭാവനം ചെയ്തിരുന്ന ടി പ്രോജക്ടിന്റെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ആരോഗ്യ സ്ഥാപനത്തിന് മരുന്ന്/മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ NACയുടെ അടിസ്ഥാനത്തിലായിരിക്കണം. എന്നാൽ ഈ പ്രോജക്ടിൽ ബിൽ നമ്പർ:14/17-18,16/17-18 എന്നിവ പ്രകാരം 3,74,784/-രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ NAC ഇല്ലാതെ വാങ്ങി നൽകി.

2. അലുമിനിയം ഫാബ്രിക്കേഷൻ വർക്ക് നടത്തിയയിനത്തിൽ SK അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ 2 ക്യാഷ് ബില്ലുകൾ (91,120/-രൂപ) ലഭ്യമായതിൽ ബിൽ നമ്പർ, തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39ന് മറുപടി ലഭ്യമായില്ല. ഭാവിയിൽ അപാകതകളില്ലാതെ പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 സാന്ത്വനം പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | : 93/18 |
| പ്രോജക്ടിന്റെ പേര് | : സാന്ത്വനം പാലിയേറ്റീവ് കെയർ |
| അടങ്കൽ തുക | : 4,69,798/-രൂപ |
| ചെലവ് തുക | : 4,69,798/-രൂപ |
| ഫണ്ടിനം | : വികസനഫണ്ട് (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ PHC |
| ബിൽ നമ്പർ | : 1/17-18,21.08.17, 86100/-രൂപ<br>2/17-18,21.08.17, 22219/-രൂപ<br>3/17-18,11.09.17, 27660/-രൂപ<br>6/17-18,31.10.17, 24000/-രൂപ<br>7/17-18,6.11.17, 27000/-രൂപ<br>8/17-18,23.12.17, 53900/-രൂപ<br>10/17-18,12.03.18, 64050/-രൂപ<br>13/17-18,16.03.18, 115100/-രൂപ<br>15/17-18,27.03.18, 49769/-രൂപ |

സാന്ത്വനം പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**(1)** തദ്ദേശസ്വയംഭരണവകുപ്പിന്റെ 30.06.2007ലെ സ.ഉ(എം.എസ്)നമ്പർ170/07 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പാലിയേറ്റീവ് പരിചരണത്തിനായി തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ ഒരു വാഹനം ഉപയോഗിക്കുമ്പോൾ പാലിയേറ്റീവ്കെയർ ഗൃഹസന്ദർശനത്തിനായി വാഹനം ഓടിയ ദിവസങ്ങളിൽ സർക്കാർ നിശ്ചയിച്ച നിരക്കിൽ ഡ്രൈവർക്ക് ദിവസവേതനതുക നൽകാവുന്നതാണ് (പ്രതിമാസവേതനമോ ശമ്പളമോ അനുവദനീയമല്ല). എന്നാൽ ഈ പ്രോജക്ടിൽ 2017 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വാടകയ്ക്കെടുത്ത വാഹനമാണ് ഉപയോഗിച്ചിട്ടുള്ളത്. ജൂലൈ മാസം മുതൽ 2018 മാർച്ച് മാസം വരെ പഞ്ചായത്തിന്റെ വാഹനം ഡ്രൈവർക്ക് മാസശമ്പളം നൽകി ഓടിച്ചതായി കാണുന്നു. ജൂലൈ മാസം 6,774/-രൂപയും ബാക്കി 8 മാസങ്ങളിൽ പ്രതിമാസം 10,000/-രൂപ ക്രമത്തിലും ആകെ 86,774/-രൂപ ശമ്പളയിനത്തിൽ ചെലവാക്കിയിട്ടുണ്ട്. ആയത് പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ 2015, വകുപ്പ് 2.6.5 നു വിരുദ്ധമാണ്.

**(2)** പാലിയേറ്റീവ് കെയർ പ്രോജക്ടിനു വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹസന്ദർശന ദിവസങ്ങളിൽ

സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണച്ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത് ആ വ്യക്തിയുടെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ചെക്കായോ ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ഈ പ്രോജക്ടിൽ ബിൽ നമ്പർ 13/17-18 പ്രകാരമുള്ള 1,15,100/- രൂപയിൽ 84,600/- രൂപയും 15/17-18 പ്രകാരമുള്ള 49,769/- രൂപയും മാത്രമാണ് വ്യക്തിയുടെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുള്ളത്. സന്നദ്ധപ്രവർത്തകർക്ക് ഭക്ഷണച്ചെലവിന് 47,750/- രൂപയാണ് ചെലവായിട്ടുള്ളത്. പ്രോജക്ടിലെ ബാക്കി തുകയായ 2,87,679/-രൂപ PHCയുടെ അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്. പി.എച്ച്.സി.യുടെ അക്കൗണ്ടിലേയ്ക്ക് ലഭിച്ച 287679/- രൂപയുടെ വിനിയോഗ വിവരം ഫയലിൽ ലഭ്യമായില്ല. നേരിട്ട് വ്യക്തിയുടെ /സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് തുക നൽകാതിരുന്നത് പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ 2015, വകുപ്പ് 2.10.8 ന്റെ ലംഘനമാണ്.

(3) പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശന ദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണച്ചെലവിനത്തിൽ 47,750/- രൂപയാണ് ചെലവായിട്ടുള്ളത്. ആയതിൽ 19,750/- രൂപയുടെ കൈപ്പറ്റ് രസീതുകളാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ബാക്കി 28,000/-രൂപയുടെ ബിൽ/വൗച്ചർ ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 49ന് മറുപടി ലഭ്യമായില്ല. ഭാവിയിൽ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ കർശ്ശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവു രേഖകളില്ലാത്തതിനാൽ 28,000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-20 പദ്ധതി മോണിട്ടറിംഗ് അനിവാര്യം.

2017-18 സാമ്പത്തികവർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. പ്രസ്തുത സമിതികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകൾ ഒന്നും അപ്രകാരമുള്ള മോണിറ്ററിംഗ് ചെയ്തിട്ടില്ല (മിനിട്സ്, ഫയൽ പരിശോധന). ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 251750 | 147/18 മാനസിക വെല്ലുവിളികൾ നേരിടുന്ന | 251750 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 45100 | 153/18<br>ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 45100 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | 197/18<br>ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 21250 | 128/18<br>കരനെൽകൃഷി | 3400 | 17850 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | 126/18<br>ജൈവസമൃദ്ധി | 20400 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 19125 | 117/18<br>സമഗ്ര നെൽകൃഷി വികസനം | 19125 | 0 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85510 | 124/18<br>പച്ചക്കറി കൂലിചെലവ് | 56100 | 29410 |
| 8 | ജില്ലാ പഞ്ചായത്ത് | 2017-18 | 251750 | 147/18<br>മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 251750 | 0 |
| 9 | ജില്ലാ പഞ്ചായത്ത് | 2017-18 | 20400 | 126/18<br>ജൈവസമൃദ്ധി | 20400 | 0 |
| 10 | ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | 197/18<br>ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രോജക്ട് നം, പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KWA അരുവിക്കര | 70/18, കോടാലിക്കുഴി | 201000 | 201000 | 0 |
| 2 | '' | 71/18 ബാലപച്ച കൊടിവിളാകം | 165000 | 165000 | 0 |
| 3 | '' | 72/18 പാട്ടുവിള കോളനിയിലേക്ക് | 120000 | 120000 | 0 |
| 4 | '' | 74/18 നെടുംകൈത ഭാഗത്തേക്ക് | 95000 | 95000 | 0 |
| 5 | '' | 75/18 തേമ്പാമൂട് വട്ടപ്പാറ കോളനിയിലേക്ക് | 478000 | 478000 | 0 |

| | | | | | |
|---|---|---|---|---|---|
| 6 | '' | 79/18<br>മേലെ വട്ടയം ഭാഗത്തേക്ക് | 100000 | 100000 | 0 |
| 7 | '' | 80/18<br>വെള്ളാണിക്കര അംഗണവാടി ഭാഗത്തേക്ക് | 160000 | 160000 | 0 |
| 8 | '' | 81/18<br>മാങ്കുഴി അയണിക്കുഴി ഭാഗത്തേക്ക് | 100000 | 100000 | 0 |
| 9 | '' | 82/18<br>നെട്ടുംകൈത ആനക്കുഴി ഭാഗത്തേക്ക് | 150000 | 150000 | 0 |
| 10 | '' | 86/18<br>വാധ്യാരുകോണം തോപ്പിൽഭാഗത്തേക്ക് | 200000 | 200000 | 0 |
| 11 | '' | 101/18<br>മണ്ണവിള പിച്ചിമംഗലം ഭാഗത്തേക്ക് | 300000 | 300000 | 0 |
| 12 | '' | 102/18<br>തലേക്കുന്ന് ഉമ്പറ ഭാഗത്തേക്ക് | 100000 | 100000 | 0 |
| 13 | '' | 103/18<br>കുറ്റിമൂട് പന്തടിക്കുളം ഭാഗത്തേക്ക് | 155000 | 155000 | 0 |
| 14 | '' | 105/18<br>നാഗരുകുഴി കാവതിയോട് | 175000 | 175000 | 0 |
| 15 | '' | 167/18<br>ചക്കക്കാട് ഗുരുമന്ദിരംകൊച്ചങ്ങതിൽ | 61000 | 61000 | 0 |
| 16 | '' | 185/18<br>പടിഞ്ഞാറേക്കോണം-തെക്കേക്കോണം | 100000 | 100000 | 0 |
| 17 | '' | 216/18<br>പെരുമല വട്ടപ്പാറ കോളനി | 250000 | 250000 | 0 |
| 18 | '' | 225/18<br>പുലയരുകുന്ന് കോളനി | 150000 | 150000 | 0 |
| 19 | '' | 226/18<br>പേരുമല കുഴിവിള | 150000 | 150000 | 0 |
| 20 | '' | 232/18<br>വട്ടയം | 100000 | 100000 | 0 |
| 21 | '' | 233/18<br>പേരുമല | 100000 | 100000 | 0 |
| 22 | '' | 241/18<br>പുല്ലമ്പാറ ചേറാട്ടുകുഴി | 351000 | 351000 | 0 |
| 23 | '' | 246/18<br>അടപ്പപ്പാറ | 300000 | 300000 | 0 |
| 23 | '' | 218/18<br>വേങ്കമല പട്ടികവർഗ കോളനി | 84000 | 84000 | |

| | | | | |
|---|---|---|---|---|
| | ആകെ | 4145000 | 4145000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 14856000 | 4456800 | 1485600 | | (*)2971200 |

എ.എഫ്.എസ്. പ്രകാരം അടവാക്കാൻ ബാക്കിയുള്ള തുകയായി കാണിച്ചിട്ടുള്ളത് 28,37,899/- രൂപ വ്യത്യാസമുണ്ട്. 1,33,301/- രൂപ തിരിച്ചടവ് വന്നിട്ടുള്ള തുകയാണ് (ആർ.പി.36 350300109 ശീർഷകം)

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 3-1(2) | 4950 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 117010500011 1.12.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64434570.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67296395.00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5604492.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 400000 | ശ്രീ.പി.കെ.സുരേഷ്, സെക്രട്ടറി |
| 3-3 | 10620 | ശ്രീ.പി.കെ.സുരേഷ്, സെക്രട്ടറി |
| 3-4 | 84000 | ശ്രീ.സജി.വി.എൻ, അസി.സെക്രട്ടറി |
| | 168000 | ഡോ.സ്വിനോള, വെറ്റിനറി സർജൻ |
| | 500000 | ശ്രീമതി.വിജയകുമാരി, എച്ച്.എ. |
| | 50000 | ശ്രീ.പി.കെ.സുരേഷ്, സെക്രട്ടറി |
| 3-5 | 4061000 | ശ്രീ.പി.കെ.സുരേഷ്, സെക്രട്ടറി |
| 3-7 | 47500 | ഡോ.സ്വിനോള, വെറ്റിനറി സർജൻ |
| 3-10 | 7500 | ശ്രീ.സജി.വി.എൻ, അസി.സെക്രട്ടറി |
| 3-11 | 8656 | ശ്രീ.സജി.വി.എൻ, അസി.സെക്രട്ടറി |
| 3-16 | 267216 | ഡോ.അസറുദ്ദീൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-19 | 28000 | ഡോ. അസറുദ്ദീൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| ആകെ | 5604492/- | |

ഡി) കേന്ദ്ര-കേരള സർക്കാർ /മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും,സ്ഥിരം മേൽവിലാസങ്ങളും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.കെ.സുരേഷ്, സെക്രട്ടറി | സെക്രട്ടറി പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് | സ്വാതി, നെല്ലിമൂട്, മുരുക്കുംപുഴ |
| ശ്രീ.സജി.വി.എൻ, അസി.സെക്രട്ടറി | അസി.സെക്രട്ടറി,പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് | തേജസ്സ്,ചേങ്കോട്ടുകോണം, ചെമ്പഴന്തി.പി.ഓ |
| ഡോ.സ്വിനോള, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് | ഗാസ്റ്റിൽ,ശ്രീകാര്യം, ശ്രീകാര്യം.പി.ഒ |
| ശ്രീമതി.വിജയകുമാരി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് | സുരഭി, അലയ്ക്കോണം, പുളിമാത്ത്.പി.ഒ |
| ഡോ.അസറുദ്ദീൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് | ചരുവിള ഹൗസ്, ഇളപ്പൂർ, മേൽവെട്ടൂർ.പി.ഒ,വർക്കല |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/875/2018 തീയതി 2.6.18 | 1 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1293/2018 തീയതി 3.7.18 | 2 | |
| 2011-12 | “ | 2 | |
| 2012-13 | “ | 2 | |
| 2013-14 | “ | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/875/2018 തീയതി 2 .6.18 | 2 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജി.പി 10 2137/2018 തീയതി 19.12.2016 | 10 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1664/17 തീയതി 5.8.17 | 8 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

*edited BL*

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്